# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

12.06.2013 - ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 74

## കുടിവെള്ള വിതരണത്തിന് സ്വകാര്യ കമ്പനികൾ

**ചോദ്യം**

**ശ്രീ. ബാബു എം. പാലിശ്ശേരി**
**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**ശ്രീ. എ. കെ. ബാലൻ**
**ശ്രീ. കെ. സുരേഷ് കുറുപ്പ്**

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) കേരള നിയമസഭ പാസ്സാക്കിയ കേരള വാട്ടർ സപ്ലൈ ആക്ട് നിലനിൽക്കെ സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന്റെ ഉത്തരവാദിത്തം സർക്കാർ ഉത്തരവുകൾ വഴി രൂപീകരിക്കുന്ന കമ്പനികളെ ഏല്പിക്കുന്നത് സഭയെയും ജനാധിപത്യത്തെയും അവഹേളിക്കുന്നതിന് തുല്യമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് 31.12.2012-ൽ സർക്കാർ ജി.ഒ (എം.എസ്) 103/12/ ഡബ്ല്യു.ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ കമ്പനി രൂപീകരണം സംബന്ധിച്ചുള്ള അവ്യക്തകൾ ദൂരീകരിച്ചു കൊണ്ട് 15.04.2013-ൽ ജി.ഒ (എം.എസ്) 31/13/ ഡബ്ല്യു.ആർ.ഡി പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ രണ്ട് ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധം I, II ആയി ചേർക്കുന്നു. |
| (ബി) പ്രകൃതി വിഭവമായ ജലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിനാണെന്നും ഇത് സ്വന്തമാക്കാതെ എല്ലാവർക്കും അനുഭവിക്കാനുള്ള അവകാശം നൽകുന്ന മുൻസർക്കാരിന്റെ ജലനയം ഈ സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ ? | (ബി) കമ്പനി അതിനാവശ്യമായ ജലം കണ്ടെത്തുന്നത് ഉപേക്ഷിക്കപ്പെട്ട പാറമടകൾ, കുളങ്ങൾ മുതലായവയിൽ നിന്നും ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി രേഖാമൂലം വാങ്ങിയ ശേഷം ആയിരിക്കും. ആകയാൽ ചോദ്യത്തിലെ ആശങ്ക അസ്ഥാനത്താണ്. |
| (സി) കേരള വാട്ടർ സപ്ലൈ ആക്ട് നിലനിൽക്കെ അതിന് വിരുദ്ധമായി ഇറക്കിയ ഉത്തരവുകൾ പിൻവലിക്കാൻ തയ്യാറാവുമോ ? | (സി) പ്രസ്തുത ഉത്തരവ് കേരള വാട്ടർ സപ്ലൈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**